പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3554** **10. 04. 2013-** ലെ മറുപടി

മറുനാട്ടിൽ വച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിന് കാലതാമസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. ഉമ്മർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)മറുനാട്ടിൽ വച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി)എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ & ബി) അപകടമരണം, കൊലപാതകം, സ്പോൺസറുടെ അഭാവം, എംബസിയെ അല്ലാതെ മറ്റ് സ്വകാര്യ വ്യക്തികൾക്ക് പവർ ഓഫ് അറ്റോർണി നൽകുന്ന കേസുകൾ എന്നിവ ഒഴികെ ഒരു കേസിലും മൃതദേഹം നാട്ടിലെത്തുന്നതിന് അകാരണമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി)മറുനാടൻ മലയാളികൾക്ക് ആപത്ഘട്ടങ്ങളിൽ അടിയന്തിര സഹായം, നിയമസംരക്ഷണം എന്നിവ കൂടുതൽ വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) മറുനാടൻ മലയാളികൾക്ക് അവർ നേരിടുന്ന ഏത് ആപത്ഘട്ടത്തെക്കുറിച്ചുള്ള വിവരവുമായി ഈ വകുപ്പിനെ സമീപിക്കുകയാണെങ്കിൽ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളുൾപ്പെടെയുള്ള ബന്ധപ്പെട്ട എല്ലാ ഏജൻസികളുമായി ഇടപെട്ട് അടിയന്തിര സഹായം നൽകിവരുന്നുണ്ട്. വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ